# കല്ലുമ്മക്കായക്കൃഷി ഇപ്പോൾ തുടങ്ങാം

**മത്സ്യം**

**ഡോ. പി.എ. വികാസ്**

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in



*? കല്ലുമ്മക്കായക്കൃഷി എപ്പോൾ ചെയ്യണം, എങ്ങനെ ചെയ്യണം, എന്തൊക്കെയാണ് പ്രധാനമായും ശ്രദ്ധിക്കേണ്ടത്. എപ്പോൾ വിളവെടുക്കാം.വിപണനത്തിൽ എന്തൊക്കെ ശ്രദ്ധിക്കണം.*

● കല്ലുമ്മക്കായക്കൃഷിക്കു പറ്റിയ സമയം ജനുവരി മുതൽ മേയ് വരെയാണ്. കാരണം, ഇക്കാലത്താണ് കായലിലെ ഉപ്പിന്റെ അളവ് 15 ppt (parts per thousand)ക്ക് മുകളിൽ വരുന്നത്. ഇതിൽ കുറവാണെങ്കിൽ കല്ലുമ്മക്കായക്കൃഷി ചെയ്യുന്നതു നന്നല്ല. ഒഴുക്കു കുറഞ്ഞ ഇടങ്ങളാണ് കല്ലുമ്മക്കായക്കൃഷി ചെയ്യാൻ നല്ലത്. കല്ലുമ്മക്കായക്കുഞ്ഞുങ്ങളെ കയറുകളിൽ പിടിപ്പിച്ചിട്ടാണ് കൃഷി ചെയ്യേണ്ടത്. ഇതിനായി ചെറിയ കല്ലുമ്മക്കായകൾ കോട്ടൺ തുണിയിൽ പൊതിഞ്ഞു കുഴൽപോലെയാക്കി എടുക്കണം. ഇതിനുള്ളിലാണ് കയർ വയ്ക്കുന്നത്. കല്ലുമ്മക്കായ കയറിൽ പിടിച്ചുകഴിയുമ്പോഴേക്കും തുണികൾ ദ്രവിച്ചുപോകും. അപ്പോൾ കല്ലുമ്മക്കായ മാലപോലെ ഈ കയറിൽ പറ്റിപ്പിടിച്ചു വളരും. ഇവ കായലുകളിൽ ഉണ്ടാക്കുന്ന തട്ടുകളിൽ തൂക്കിയിട്ടാണ് കൃഷി ചെയ്യുന്നത്. നിലവിൽ കൂടുമത്സ്യക്കൃഷി ചെയ്യുന്നവർക്ക് കൂടുകളിലെ പുറംചട്ടകളിൽ തൂക്കിയിട്ട് കൃഷി ചെയ്യുന്നത് ചെലവു കുറയ്ക്കാൻ സഹായിക്കും.

പ്രകൃത്യാ ലഭ്യമായ തീറ്റ മതിയാകുമെന്നതിനാൽ പ്രത്യേകം നൽകേണ്ടതില്ല. കുഞ്ഞുങ്ങളുടെ ലഭ്യതയും പ്രാദേശിക വിപണിമൂല്യവും ഉള്ള കാസർകോട്, കണ്ണൂർ, എറണാകുളം, കൊല്ലം തുടങ്ങിയ ജില്ലകളുടെ തീരപ്രദേശങ്ങളോട് അനുബന്ധിച്ചുള്ളതും കൂടുതൽ ഉപ്പ് കയറുന്നതുമായ കായൽപ്രദേശങ്ങളിലാണ് കല്ലുമ്മക്കായക്കൃഷി സജീവം.

അനുയോജ്യമായ ഇടങ്ങളിൽ കുഞ്ഞുങ്ങൾ 4 മാസം കൊണ്ട് 25 ഗ്രാം വരെ വലുപ്പം വയ്ക്കും. മഴ പെയ്ത് ഉപ്പു കുറയുന്നതിനു മുൻപുതന്നെ വിളവെടുക്കണം. വിളവെടുത്തശേഷം ശുദ്ധീകരിച്ച കായൽജലം നിറച്ച ടാങ്കുകളിൽ ഒരു ദിവസം ഇട്ടുവച്ചിട്ടു വേണം വിൽപന. ഈ സമയത്ത് വേണ്ടത്ര വായുസഞ്ചാരം ഉറപ്പാക്കണം. കല്ലുമ്മക്കായ തോടോടു കൂടിയും തോടു മാറ്റിയും വിപണനം നടത്താം. ഓരോ പ്രദേശത്തിന്റെയും ആവശ്യം അനുസരിച്ചു വേണം വിപണനം എങ്ങനെ എന്നു തീരുമാനിക്കാൻ. നഗരങ്ങളിലെ കടകളിലാണെങ്കിൽ കല്ലുമ്മക്കായ ഇറച്ചി മാത്രം പായ്ക്ക് ചെയ്ത് വിപണനം നടത്തുന്നതാണു നല്ലത്.